# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.420** **14.11.2019 ൽ മറുപടിക്ക്**

**പ്രൈസ് സോഫ്റ്റ് വെയർ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ദാസൻ<br>,, എസ്.ശർമ്മ<br>,, കെ.ഡി. പ്രസേനൻ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും അതിന് ഓൺലൈൻ വഴി അംഗീകാരം നേടുന്നതിനുമായി പ്രൈസ് (പ്രോജക്ട് ഇൻഫർമേഷൻ ആന്റ് കോസ്റ്റ് എസ്റ്റിമേഷൻ) എന്ന സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുണ്ടോ; | (എ) സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ പുതുക്കിയ വേർഷൻ Price -2 01.06.2019 മുതൽ നടപ്പിലാക്കി ഉപയോഗിച്ച് വരുന്നുണ്ട്. |
| (ബി) പ്രസ്തുത സോഫ്റ്റ്‌വെയറിൽ മറ്റെന്തെല്ലാം സൗകര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) നിർമ്മാണ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കൽ, ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകൽ, ടെൻഡർ ചെയ്യുന്നതിനുള്ള ബിഡ് ഡോക്യുമെന്റും BOQ (Bill of Quantity) – യും തയ്യാറാക്കൽ, കോൺട്രാക്ടർമാർക്ക് കരാർ നൽകൽ, ഇ-മെഷർമെന്റ് ബുക്ക്, റിവൈസ്ഡ് എസ്റ്റിമേറ്റ്, ഇ-ബിൽ, EMLI (Effective Management of LoC Issuance) സോഫ്റ്റ് വെയറിലേയ്ക്ക് ബിൽ ഓൺലൈനായി നൽകൽ എന്നീ സൗകര്യങ്ങളാണ് പ്രൈസ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (സി) പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ക്വാളിറ്റി മാന്വൽ, ലബോറട്ടറി മാന്വൽ എന്നിവയിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി Three – tier Quality Control System നിലവിൽ വരുത്തുകയും ഇതിൻ പ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് |

അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പുവരുത്തേണ്ടതുണ്ട്. സെക്കന്റ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി വകുപ്പിന്റെ അധീനതയിൽ ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ഓഫീസും അതിനോടനുബന്ധിച്ച് ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിച്ചു വരുന്നുണ്ട്. രണ്ടാംഘട്ട ഗുണനിലവാര പരിശോധനകളാണ് പൊതുമരാമത്ത് വകുപ്പിന്റെ ഗുണനിലവാര പരിശോധന വിഭാഗം ചെയ്യുന്നത്. അത് random ആയിട്ടാണ് ചെയ്യുന്നത്. Agreement authority അറിയിക്കുന്നതിനനുസരിച്ച് സൈറ്റിൽ പോയി സാമ്പിൾ ശേഖരിച്ച് പരിശോധിച്ച് പരിശോധനഫലം നൽകുന്നു. തൃപ്തികരമല്ലാത്ത പരിശോധനാ ഫലങ്ങൾ പൊതുമരാമത്ത് വകുപ്പിലെ വിജിലൻസ് വിഭാഗത്തെ അറിയിക്കാറുണ്ട്. കൂടാതെ അഞ്ച് കോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗും ഏർപ്പെടുത്തുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട നിർമ്മാണത്തിൽ 'ഗ്രീൻ ബിൽഡിംഗ് കൺസെപ്റ്റ്' പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

(ഡി) പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങൾ പരിസ്ഥിതി സൗഹാർദ്ദമാക്കുന്നതിലേക്കായി ഒരു ഹരിത നിർമ്മാണ ചട്ടം നിലവിലുണ്ട്. വാസ്തു ശില്പ വിഭാഗത്തിലെ ജീവനക്കാർക്ക് ഹരിത നിർമ്മാണ രീതിയിൽ പരിശീലനം നൽകിയിട്ടുണ്ട്. 8 ആർക്കിടെക്റ്റുമാർ കേന്ദ്ര ഹരിത റേറ്റിംഗ് ഏജൻസിയായ "ഗൃഹ" യുടെ സർട്ടിഫൈഡ് പ്രൊഫഷണൽ യോഗ്യത നേടിയിട്ടുണ്ട്. വകുപ്പിലെ കെട്ടിട വിഭാഗം, സാങ്കേതിക ജീവനക്കാർക്ക്

ഹരിത നിർമ്മാണ സാങ്കേതിക വിദ്യയിലുള്ള പരിശീലന ശില്പ ശാലകൾ സംഘടിപ്പിച്ചിട്ടുണ്ട്. നിലവിൽ വാസ്തു ശില്പ വിഭാഗം രൂപകല്പന ചെയ്യുന്ന കെട്ടിടങ്ങളിൽ ഹരിത നിർമ്മാണ തത്വങ്ങളിലെ വ്യവസ്ഥകൾ പരമാവധി ഉൾപ്പെടുത്തിയാണ് ചെയ്തു വരുന്നത്. നേരത്തെ രജിസ്ട്രേഷൻ സമുച്ചയത്തിനും, പത്തനംതിട്ടയിലെ കളക്ടേഴ്സ് ബംഗ്ളാവിനും "ഗൃഹ" റേറ്റിംഗ് ലഭിക്കുന്നതിലേക്ക് നിർമ്മാണത്തിന് മുന്നോടിയായുള്ള പ്രാരംഭ രജിസ്ട്രേഷൻ ചെയ്തു കഴിഞ്ഞു.

**സെക്ഷൻ ഓഫീസർ**